പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7735 15.07.2014 ലെ മറുപടിക്ക്

## എസ്.ഐ.മാരുടെ ട്രെയിനിംഗിന് ഏകീകൃത സിലബസ്

| ചോദ്യം<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ | മറുപടി<br>രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് ഡി.എ.ആർ-ഉം, ജി.ഇ.ബി-യും കൂട്ടിച്ചേർത്ത് കേരള സിവിൽ പോലീസ് കേഡർ നിലവിൽ വന്നത് എപ്പോഴാണെന്ന് വെളിപ്പെടുത്താമോ; | (എ) 10.12.2010-ലെ ജി.ഒ.(പി) നം.268/10/ആഭ്യന്തരം ഉത്തരവ് പ്രകാരമാണ് കേരള സിവിൽ പോലീസ് കേഡർ നിലവിൽ വന്നത്. |
| ബി) ഒരേ സിലബസിൽ പരീക്ഷയും, ശാരീരികക്ഷമതാ ടെസ്റ്റും, കഴിയുന്ന മേൽപ്പറഞ്ഞ രണ്ടു വിഭാഗങ്ങളിലെ എസ്.ഐ.മാർക്ക് രണ്ടു സിലബസ്സ് പ്രകാരമുള്ള ട്രെയിനിംഗ് നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>സി) ഉണ്ടെങ്കിൽ ഇതിൽ ഒരു വിഭാഗത്തിനു നൽകുന്നത് കാലഹരണപ്പെട്ട സിലബസ്സാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) യും (സി) യും ഉണ്ട്. രണ്ട് വിഭാഗങ്ങൾക്കും പി.എസ്.സി രണ്ട് രീതിയിലുള്ള പരീക്ഷകൾ നടത്തുകയും രണ്ട് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുമാണ് ചെയ്യുന്നത്. നിലവിലുള്ള ട്രെയിനിംഗ് പദ്ധതികൾ പ്രകാരം രണ്ട് വിഭാഗങ്ങൾക്കും രണ്ട് രീതിയിലുള്ള പരിശീലനമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആയതിനാലാണ് അവർക്ക് പ്രത്യേകം പ്രത്യേകം ട്രെയിനിംഗ് നൽകി വരുന്നത്. ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിലെ എസ്.ഐ മാർക്ക് 16 മാസത്തെ പരിശീലനമാണ് നൽകുന്നത്. ആംഡ് റിസർവ്വ് എസ്.ഐ മാർക്ക് 12 മാസത്തെ പരിശീലനവും നൽകുന്നു. രണ്ട് കൂട്ടരുടേയും പരിശീലന പദ്ധതികൾ കാലാനുസൃതമായി പരിഷ്ക്കരിച്ചവയാണ്. |
| ഡി) എസ്.ഐ മാരുടെ ട്രെയിനിംഗ് ഏകീകൃത സിലബസ്സിൽ കൊണ്ടു വരാൻ നടപടി സ്വീകരിക്കുമോ? | ഡി) കേരള സിവിൽ പോലീസിന്റെ സ്പെഷ്യൽ റൂൾ നിർമ്മിച്ച് ഇന്റഗ്രേഷൻ പൂർത്തിയാകുമ്പോൾ എസ്.ഐ തസ്തികയിലെ ട്രെയിനിംഗ് ഏകീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ